# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് നാല്പത്തഞ്ച്

## വെളിപ്പാട് 12-ലെ ദർശനവും എഫെസ്യലേഖനവും തമ്മിലുള്ള സാദൃശ്യം

Sat ഈ ദൂതിൽ വെളിപ്പാട് 12-ലുള്ള ദർശനവും എഫെസ്യലേഖനവും തമ്മിലുള്ള സാദൃശ്യത്തെ ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വെളിപ്പാട് 12-ൽ വചനം മുഖാന്തരം ശത്രുവിനോട് യുദ്ധംചെയ്യുന്ന ആൺകുട്ടിയെന്ന ബലമേറിയ ഭാഗത്തോടുകൂടെയുള്ള സ്ത്രീയുടെ ദർശനം നമ്മിൽ എല്ലാവരിലും മതിപ്പുളവാക്കിയിട്ടുണ്ട്. എഫെസ്യലേഖനത്തിലും നമുക്ക് സ്ത്രീയുണ്ട്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, വെളിപ്പാട് 12-ലുള്ള സ്ത്രീയുടെ വലിയ ഭാഗമായ സഭയെ സംബന്ധിച്ച ഒരു പുസ്തകമാണ് എഫെസ്യർ. എഫെസ്യരിൽ ഈ സ്ത്രീ ക്രിസ്തുവിന്റെ ഭാര്യയാണ്.

## സ്ത്രീക്കുള്ളിലെ ബലമേറിയ ഭാഗമായിത്തീരുവാൻ ബലപ്പെടുത്തുന്നു

"തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാൻ" പിതാവു നമുക്ക് വരം നല്കണമെന്ന് എഫെസ്യർ 3:16-ൽ പൗലൊസ് പ്രാർഥിച്ചു. ഈ ബലപ്പെടുത്തൽ പരിശുദ്ധാത്മാവ് ഉൾവസിക്കുന്ന നമ്മുടെ വീണ്ടുംജനിച്ച ആത്മാവായ അകത്തെ മനുഷ്യനിൽ സംഭവിക്കുന്നു. നമ്മുടെ അകത്തെ മനുഷ്യനിൽ നാം എത്രത്തോളം ബലപ്പെടുന്നുവോ, അത്രത്തോളം നാം സ്ത്രീക്കുള്ളിലെ ബലമേറിയ ഭാഗമായിത്തീരുന്നു. സ്ത്രീക്കുള്ളിലെ ബലമേറിയ ഭാഗമായിത്തീരുന്നതിനുള്ള താക്കോൽ നമ്മുടെ അകത്തെ മനുഷ്യനിൽ ബലപ്പെടുന്നതാണ്. നാം "സകല വിശുദ്ധന്മാരോടുംകൂടെ വീതിയും നീളവും ഉയരവും ആഴവും എന്തെന്ന് ഗ്രസിക്കുവാൻ പൂർണ ബലം" ഉള്ളവരായിരിക്കണമെന്ന് വാക്യം 18-ൽ പൗലൊസ് തുടർന്ന് പ്രാർഥിക്കുന്നു. കിംഗ് ജയിംസ് ഭാഷ്യം *പ്രാപ്തരാകുക* എന്ന പദം ഉപയോഗിക്കുന്നുവെങ്കിലും,

*പ്രാപ്തരാകുക* എന്നതിന് ഉപയോഗിച്ചിരിക്കുന്ന യവനപദം അർഥമാക്കുന്നത് ശക്തിയോടെ ബലപ്പെടുവാൻ എന്നാണ്. നമ്മുടെ ക്രിസ്തുവിന്റെ ധനത്തിന്റെ അളവുകൾ അറിയുവാൻ നാം ശക്തിപ്പെടണം. ആൺകുട്ടിയായിരിക്കുന്നതിന്, നാം നമ്മുടെ അകത്തെ മനുഷ്യനിൽ ബലപ്പെട്ടിരിക്കുക മാത്രമല്ല, ക്രിസ്തുവിന്റെ സകല ധനത്താലും പോഷിപ്പിക്കപ്പെടുകയും വേണം. കൂടാതെ, "കർത്താവിലും അവന്റെ ബലത്തിന്റെ കരുത്തിലും ശക്തിപ്പെടുവിൻ" എന്ന് എഫെസ്യർ 6:10 നമ്മോടു പറയുന്നു. ഈ അധ്യായമനുസരിച്ച്, ബലപ്പെട്ടിരിക്കാനുള്ള മാർഗം സർവവും ഉൾക്കൊള്ളുന്ന ക്രിസ്തു എന്ന ദൈവത്തിന്റെ സർവായുധവർഗം ധരിക്കുന്നതാണ് (വാ. 11, 13). ദൈവത്തിന്റെ സർവായുധവർഗം ധരിക്കുന്നത് സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ നമ്മുടെമേൽ ധരിക്കുന്നതാണ്. സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ എല്ലാ വശവും നമ്മുടെ ആവരണമായിത്തീരണം. അങ്ങനെ, സ്ത്രീക്കുള്ളിലെ ബലമേറിയ ഭാഗമായിത്തീരുന്നത് നമ്മുടെ അകത്തെ മനുഷ്യനിൽ ബലപ്പെട്ടിരിക്കുന്നതും, ക്രിസ്തുവിന്റെ ധനം അനുഭവമാക്കുന്നതിന് ശക്തരാക്കപ്പെട്ടിരിക്കുന്നതും, നമ്മുടെ ആയുധവർഗമായി സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ ധരിക്കുന്നതിലൂടെ ബലപ്പെട്ടിരിക്കുന്നതുമാണെന്ന് എഫെസ്യർ 3:16, 18; 6:10, 11 എന്നീ വാക്യങ്ങളിൽ നാം കാണുന്നു. തന്മൂലം, എഫെസ്യലേഖനത്തിൽ സ്ത്രീയുടെയും ആൺകുട്ടിയുടെയും വശങ്ങൾ നാം കാണുന്നു.

## പ്രാർഥനയാൽ ശത്രുവിനോട് പോരാടുന്നു

എഫെസ്യലേഖനത്തിൽ നമുക്ക് ആത്മിക അന്ധകാരത്തിനെതിരെ, സ്വർലോകങ്ങളിലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും എതിരെ പോരാട്ടമുണ്ട് (എഫെ. 6:12). ഈ ദുഷ്ടശക്തികൾ തീർച്ചയായും സാത്താൻ എന്ന ശത്രുവിന്റെ ശക്തികളാണ്. അതുകൊണ്ട്, ഈ പുസ്തകത്തിൽ നാം സ്ത്രീയെയും ആൺകുട്ടിയെയും മാത്രമല്ല കാണുന്നത്, മൂന്നാമത്തെ കക്ഷിയായ സാത്താൻ എന്ന സർപ്പത്തെയും കാണുന്നു. സ്ത്രീക്കുള്ളിലെ ബലമേറിയ ഭാഗവും ശത്രുവും തമ്മിൽ ഒരു തീവ്രയുദ്ധം നടക്കുന്നുവെന്നും, അതുകൂടാതെ, ഈ യുദ്ധം പ്രാർഥനയാൽ നിർവഹിക്കപ്പെടുന്നുവെന്നും എഫെസ്യലേഖനം വെളിപ്പെടുത്തുന്നു. ശത്രുവിനോട് ആൺകുട്ടി പോരാടുന്ന രീതി പ്രാർഥനയാലാണ്. ഒടുവിൽ, ജാഗരിച്ചു പ്രാർഥിക്കുക എന്ന നിർണായകമായ ഒരു കാര്യത്തിലേക്ക് മുഴുവൻ എഫെസ്യലേഖനം നമ്മെ കൊണ്ടുവരുന്നു.

## സകല പ്രാർഥനയാലും വചനത്തെ എടുക്കുക

ഈ സമയത്ത് എഫെസ്യർ 6:17-ന്റെയും 18-ന്റെയും

അക്ഷരീയമായ ഒരു വിവർത്തനം അവതരിപ്പിക്കേണ്ടത് ആവശ്യമാണ്. "രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു. സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും..." ഈ വാക്യങ്ങളനുസരിച്ച്, യുദ്ധംചെയ്യാനുള്ള മാർഗം സകല പ്രാർഥനയും മുഖാന്തരം ദൈവവചനത്തെ എടുക്കുന്നതാണ്. നമുക്ക് പ്രാർഥനയുടെ കേവലം ഒരു മാർഗം മാത്രം ഉണ്ടായിരിക്കരുത്, പിന്നെയോ ദൈവവചനത്തെ എടുക്കേണ്ടതിന് വിവിധ മാർഗങ്ങളിൽ പ്രാർഥിക്കുവാൻ നമ്മുടെ ആത്മാവിനെ വ്യായാമംചെയ്യുകൊണ്ട്, സകല മാർഗവും ഉണ്ടായിരിക്കണം. വേദപുസ്തകത്തിലെ ഈ ഭാഗം പ്രാർഥനാവായനയെക്കുറിച്ച്, സകല പ്രാർഥനയും മുഖാന്തരം ദൈവവചനത്തെ എടുക്കുന്നതിനെക്കുറിച്ച്, സംസാരിക്കുന്നു. നമ്മുടെ സ്വന്തം ചിന്തകൾകൊണ്ടും വാക്കുകൾകൊണ്ടും ശത്രുവിനോടു പോരാടുന്നതിൽ യാതൊരു പ്രയോജനവുമില്ല. അവനുമായി യുദ്ധംചെയ്യേണ്ടതിന് നമ്മുടെ മനസ്സിനെയോ ഭാഷണത്തെയോ നമുക്ക് ഉപയോഗിക്കുവാൻ കഴിയുകയില്ല. ശത്രുവിനോടു യുദ്ധംചെയ്യുവാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം വചനം പ്രാർഥനാവായന ചെയ്യുന്നതാണ്; പ്രാർഥനാവായന ചെയ്യുന്നതിന് വചനത്തിലെ ഏറ്റവും നല്ല ഭാഗം എഫെസ്യലേഖനമാണ്. ഒരു നിശ്ചിതസമയം ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ട് നിങ്ങൾ ഈ പുസ്തകം പ്രാർഥനാവായന ചെയ്യുന്നുവെങ്കിൽ, നിങ്ങൾ ബലപ്പെടുത്തപ്പെടും. എഫെസ്യലേഖനത്തെ മനസ്സിലാക്കുവാൻ ശ്രമിക്കുന്നതിനുപകരം, നിങ്ങൾ രണ്ട് ആഴ്ച സമയംകൊണ്ട് മുഴുവൻ ലേഖനത്തെയും പ്രാഥനാവായന ചെയ്യണം. നിങ്ങൾ ഇതു ചെയ്യുമെങ്കിൽ, നിങ്ങൾ സ്ത്രീയുടെ ബലമേറിയ ഭാഗമായിത്തീർന്നുകൊണ്ടിരിക്കുന്നുവെന്നു സാക്ഷ്യപ്പെടുത്തുവാൻ നിങ്ങൾ പ്രാപ്തനായിരിക്കും.

## നമ്മുടെ അഭിപ്രായങ്ങളെയും ധാരണകളെയും കൊല്ലുക

യോഹന്നാൻ 6-ലെ വചനം പോഷണത്തിനുവേണ്ടിയുള്ളതാണ്. യോഹന്നാൻ 6:57-ൽ "എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും" എന്നും 6:63-ൽ "ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു" എന്നും കർത്താവു പറഞ്ഞു. യോഹന്നാൻ 6-ലെ വചനം പോഷണത്തിനു വേണ്ടിയുള്ളതും എഫെസ്യർ 6-ലെ വചനം മുഖ്യമായും കൊല്ലുന്നതിനു വേണ്ടിയും ആണ്. യോഹന്നാൻ 6-ലെ വചനം അപ്പമാണ്, എന്നാൽ എഫെസ്യർ 6-ലെ വചനം വാളാണ്. വാൾ പോഷിപ്പിക്കുന്നില്ല; മറിച്ച്, അതു കൊല്ലുന്നു. എന്നാൽ ഈ

വചനം നിങ്ങളെ കൊല്ലുകയില്ല—അത് ശത്രുവിനെയും നിങ്ങളുടെ ഉള്ളിലെ സകല പ്രതിലോമകാര്യങ്ങളെയും നിഗ്രഹിക്കുന്നു. സ്വർലോകങ്ങളിലെ വാഴ്ചകളോടും അധികാരങ്ങളോടും പോരാടണമെങ്കിൽ, നാം ഒന്നാമത് നമ്മുടെ ഉള്ളിലെ എല്ലാ "സൂക്ഷ്മജീവികളെയും" കൊല്ലണം.

ഈ "സൂക്ഷ്മജീവികൾ" എന്താണെന്ന് നിങ്ങൾ അതിശയിക്കുന്നുണ്ടാകാം. ഉപദേശരീതിയിൽ പറഞ്ഞാൽ, ഈ "സൂക്ഷ്മജീവികൾ" നിങ്ങളുടെ മനസ്സും, വികാരവും, ഇച്ഛയും ആണെന്ന് നിങ്ങൾക്കു പറയാം. എന്നാൽ പ്രായോഗികമായി പറഞ്ഞാൽ, കൊല്ലപ്പെടുവാൻ ഏറ്റവും ആവശ്യമായിരിക്കുന്ന "സൂക്ഷ്മജീവികൾ" നമ്മുടെ അഭിപ്രായങ്ങളാണ്. നാം അഭിപ്രായങ്ങൾകൊണ്ട് നിറഞ്ഞവരാണെന്നു കാണുവാൻ നമുക്ക് തീവ്രമാക്കപ്പെട്ട പ്രകാശനം ആവശ്യമാണ്. നിങ്ങൾ ഒരു ദൂതു കേൾക്കുകയോ, വിശുദ്ധന്മാരുമായി കൂട്ടായ്മ ആചരിക്കുകയോ, വേദപുസ്തകം വായിക്കുകയോ ചെയ്യുമ്പോൾ നിരവധി അഭിപ്രായങ്ങളോടും ധാരണകളോടും പറ്റിപ്പിടിക്കുന്നു. ഏറെക്കുറെ എല്ലാ വിശുദ്ധന്മാരും ചില അഭിപ്രായവും ധാരണയും പിടിച്ചുകൊള്ളുന്നു. ഇവിടെ ഞാൻ പറയുന്ന കാര്യം ഇതാണ്: പ്രാർഥിക്കുന്നതിലൂടെ ശത്രുവിനെതിരെ പോരാടിക്കൊണ്ട് നാം സ്ത്രീയിലെ ബലമേറിയ ഭാഗമായിരിക്കണമെങ്കിൽ, ഓരോ അഭിപ്രായത്തെയും നിരാകരിച്ചുകൊണ്ട് ദൈവവചനത്തെ നാം കൈക്കൊള്ളണം. മറ്റൊരു രീതിയിൽ പറഞ്ഞാൽ, പ്രാർഥനാവായന ചെയ്യുന്നതിലൂടെ ദൈവവചനത്തെ കൈക്കൊള്ളുവാനുള്ള മാർഗം നമ്മുടെ അഭിപ്രായങ്ങൾ നിഗ്രഹിക്കപ്പെടുന്നതാണ്. കർത്താവിന്റെ വചനത്തെ കാക്കുകയെന്നാൽ കർത്താവിനെ ഉള്ളിലേക്കെടുത്ത് നമ്മുടെ സകല അഭിപ്രായങ്ങളും കൊല്ലപ്പെടുക എന്നാണ് അർഥമാക്കുന്നതെന്ന് ഉല്പത്തിയുടെ ജീവ-പഠനത്തിലെ എൺപത്തേഴാമത്തെ ദൂതിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചു. കർത്താവിന്റെ കരുണയില്ലെങ്കിൽ, നാം എല്ലാവരും നമ്മുടെ അഭിപ്രായങ്ങളാൽ കർത്താവിന്റെ വചനത്തെ തടസ്സപ്പെടുത്തും. നമ്മുടെ അഭിപ്രായങ്ങളെയും ധാരണകളെയും സംഹരിക്കുന്ന, കൊല്ലുന്ന വചനത്തെ നാം പ്രാർഥനാവായന ചെയ്യേണ്ടത് എത്രമാത്രം ആവശ്യമാണ്!

സഭാജീവിതത്തിലുള്ള എന്റെ അനുഭവത്തിൽ, നിരവധി തവണ എന്റെ അഭിപ്രായങ്ങളാൽ കർത്താവിനെ ഞാൻ വിഘ്നപ്പെടുത്തിയിട്ടുണ്ട്. കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ എല്ലാവർക്കുമുള്ള പ്രശ്നം അഭിപ്രായങ്ങൾ എന്ന ഈ കാര്യമാണ്. ഒരു തടിക്കഷണംപോലെ, നമുക്ക് അനുഭൂതി ഇല്ലായിരിക്കണം എന്നല്ല ഞാൻ പറയുന്നത്. ചിന്തയിലും, അനുഭൂതിയിലും, വിധിന്യായത്തിലും ശക്തനായ ഒരു ജീവനുള്ള വ്യക്തിയെന്ന നിലയിൽ നിങ്ങൾ വചനത്തിലേക്കു വരുമ്പോൾ, നിങ്ങളുടെ അഭിപ്രായങ്ങളെ കൊല്ലുവാൻ നിങ്ങൾ

കർത്താവിനോട് ആവശ്യപ്പെടണം. അനേകം വിശുദ്ധന്മാരും ഈ രീതിയിൽ പ്രാർഥിച്ചിട്ടില്ല. എന്നാൽ നാം പ്രാർഥിക്കണം, "കർത്താവേ, ഞാൻ നിന്റെ വചനം പ്രാർഥനാവായന ചെയ്യുവാൻ പോകുന്നു. കർത്താവേ, എന്റെ അഭിപ്രായങ്ങളെ കൊല്ലണമേ." മറ്റുള്ളവരുമായി പണിയപ്പെടുന്നതിൽനിന്നും നിങ്ങളെ വിഘ്നപ്പെടുത്തിയത് മുഖ്യമായും നിങ്ങളുടെ ബലഹീനതയോ, നിങ്ങളുടെ ലൗകികതയോപോലും അല്ല—അത് നിങ്ങളുടെ അഭിപ്രായങ്ങളാണ്. നമുക്കെല്ലാവർക്കും കർത്താവിനെ സ്നേഹിക്കുവാനുള്ള ഒരു ഹൃദയവും സഭയിലേക്ക് പണിയപ്പെടുവാനുള്ള ഒരു ആഗ്രഹവും ഉണ്ട്. എന്നാൽ പലപ്പോഴും ഫലം നമ്മുടെ ആഗ്രഹത്തിനനുസരിച്ചായിരുന്നില്ല. ചിലർ പത്തു വർഷത്തിലധികമായി സഭാജീവിതത്തിൽ ഉണ്ടെങ്കിലും, അവർ ഇപ്പോഴും ശരിയായ കെട്ടുപണിയുടെ ഭാഗമല്ല. അവർ കെട്ടുപണിയോട് വളരെ അടുത്താണെങ്കിലും, അവർ അതിൽനിന്നും ബന്ധമറ്റിരിക്കുന്നു. അവർ കെട്ടുപണിയോട് എത്ര അടുത്താണെങ്കിലും,, അവർ അതിലേക്ക് വാസ്തവമായി പണിതുചേർക്കപ്പെട്ടിട്ടില്ല. അവരുടെ അഭിപ്രായങ്ങൾ മറ്റുള്ളവരുമായി പണിയപ്പെടുന്നതിൽ നിന്ന് അവരെ തടസ്സപ്പെടുത്തി. അതുകൊണ്ട്, നാം എല്ലാവരും പ്രാർഥിക്കണം, "കർത്താവേ, എന്റെ അകത്തെ മനുഷ്യനിൽ എനിക്ക് ബലപ്പെടണം; ക്രിസ്തുവിന്റെ ധനത്തെ മനസ്സിലാക്കുവാൻ എന്നെ ശക്തിപ്പെടുത്തണം; ദൈവത്തിന്റെ സർവായുധവർഗം ധരിക്കുന്നതിലൂടെ എനിക്ക് ബലമുള്ളവനാകണം. എന്നാൽ എന്റെ പ്രശ്നം എന്റെ അഭിപ്രായങ്ങളെ കൊല്ലുവാൻ ഞാൻ ഇതുവരെ നിന്റെ വചനത്തെ അനുവദിച്ചിട്ടില്ല എന്നാണ്."

LD എന്തുകൊണ്ടാണ് ഞാൻ വചനത്തിൽനിന്ന് വളരെയധികം വെളിച്ചം സ്വീകരിക്കുന്നതെന്നും എന്തുകൊണ്ട് അവർ വളരെ കുറച്ചുമാത്രം സ്വീകരിക്കുന്നതെന്നും ചിലപ്പോഴൊക്കെ ചില സ്നേഹിതന്മാർ എന്നോടു ചോദിച്ചിട്ടുണ്ട്. ഞങ്ങൾ ഒരേ വേദപുസ്തകമാണ് വായിക്കുന്നതെങ്കിലും, അവർ അധികം വെളിച്ചം സ്വീകരിക്കുന്നില്ല. വചനത്തിൽനിന്ന് വെളിച്ചം സ്വീകരിക്കുവാനുള്ള മാർഗം ഇതാണ്: നിങ്ങളുടെ അഭിപ്രായങ്ങളെ കൊല്ലുവാൻ വചനത്തെ അനുവദിക്കുക. അവരുടെ അഭിപ്രായങ്ങൾക്ക് യോജിക്കുന്നതൊക്കെയും തിരഞ്ഞെടുക്കുകയും യോജിക്കാത്തതൊക്കെയും തള്ളിക്കളയുകയും ചെയ്തുകൊണ്ട്, അനേകരും സൂക്ഷിച്ചു തിരഞ്ഞെടുക്കുന്ന ഒരു രീതിയിൽ വചനം വായിക്കുന്നു. മറിച്ച്, നിർവ്യാജമായ പ്രാർഥനാവായന വചനത്തെ അങ്ങനെതന്നെ എടുക്കുകയും നിങ്ങളുടെ അഭിപ്രായങ്ങളെ കൊല്ലുവാൻ അനുവദിക്കുകയും ചെയ്യുന്നതാണ്. പ്രാർഥനാവായന ചെയ്യേണ്ട രീതി എഫെസ്യർ 6 നമ്മോടു പറയുന്നു. അത് സകല പ്രാർഥനയുടെയും മാർഗത്തിൽ

വചനത്തെ എടുക്കുന്നതാണ്. നാം പ്രാർഥനാവായന ചെയ്യുമ്പോൾ, വചനം ചെയ്യുന്ന ഒന്നാമത്തെ കാര്യം നമ്മുടെ അഭിപ്രായങ്ങളെ കൊല്ലുന്നതാണ്. നിങ്ങളുടെ അഭിപ്രായങ്ങളെ സംഹരിക്കുവാൻ നിങ്ങൾ വചനത്തെ അനുവദിക്കുന്നില്ലെങ്കിൽ, ആകാശത്തിലുള്ള ശത്രുവിനോട് യുദ്ധംചെയ്യുവാൻ അവന്റെ അടുക്കൽ എത്തുന്നതിന് നിങ്ങൾ പ്രാപ്തനായിരിക്കുകയില്ല. നമ്മുടെ അനുഭവം തെളിയിക്കുന്നത് പ്രാർഥനാവായന ഒന്നാമതായി നമ്മെ പോഷിപ്പിക്കുന്നില്ല എന്നാണ്; അത് ഒന്നാമതായി നമ്മുടെ അഭിപ്രായങ്ങളെ കൊല്ലുന്നു. നമുക്ക് പ്രായോഗികമായ പ്രാർഥനാവായന ഉള്ളപ്പോഴെല്ലാം നമ്മുടെ അഭിപ്രായങ്ങൾ മരണത്തിന് ഏല്പിക്കപ്പെടുന്നു.

നിങ്ങളുടെ അഭിപ്രായങ്ങൾ എന്താണെന്ന് നിങ്ങൾ അതിശയിക്കുന്നുണ്ടാകും. സഹോദരന്മാർ ഒരു അഭിപ്രായത്തെ മുറുകെപ്പിടിക്കുകയും, അവരുടെ ഭാര്യമാർ വ്യത്യസ്തമായ ഒരു അഭിപ്രായത്തെ മുറുകെപ്പിടിക്കുകയും ചെയ്യുന്നു. നിങ്ങൾ ഒരു നല്ല ഭർത്താവാണെന്ന് ചിന്തിക്കുന്നുവെങ്കിലും, നിങ്ങളുടെ ഭാര്യയോടുള്ള ബന്ധത്തിൽ നിങ്ങളുടെ അഭിപ്രായങ്ങളോട് നിങ്ങൾ എത്ര ബലമായി പറ്റിച്ചേർന്നിരിക്കുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കുന്നില്ല. നിങ്ങൾ അവളെ സ്നേഹിക്കുകയും വിരളമായി മാത്രം അവളുമായി തർക്കിക്കുകയും ചെയ്യുന്നുവെങ്കിലും, ഉള്ളിൽ ആഴത്തിൽ അവളുടേതിൽനിന്ന് വ്യത്യസ്തമായ അഭിപ്രായങ്ങളെ നിങ്ങൾ വിലമതിക്കുന്നു. തീർച്ചയായും ഭാര്യമാരെ സംബന്ധിച്ചും അങ്ങനെതന്നെയാണ്. അങ്ങനെ, ഭർത്താക്കന്മാരും ഭാര്യമാരും വ്യത്യസ്തമായ ധാരണകളെ പിടിച്ചുകൊള്ളുന്നു. തൽഫലമായി, സഭാജീവിതത്തിലെ സഹോദരീസഹോദരന്മാരുമായി പണിയപ്പെടുന്നതിൽനിന്ന് അവർ തടസ്സപ്പെട്ടിരിക്കുന്നുവെന്നു മാത്രമല്ല, അവരുടെ വിവാഹജീവിതത്തിൽ അവർ അന്യോന്യം പണിയപ്പെടുന്നുമില്ല. നിങ്ങളും നിങ്ങളുടെ ഭാര്യയും അനേകം വർഷങ്ങളായി രക്ഷിക്കപ്പെടുകയും, കർത്താവിനെ സ്നേഹിക്കുകയും സത്യം അന്വേഷിക്കുകയും ചെയ്തുകൊണ്ട് ആ വർഷങ്ങൾ ചെലവഴിക്കുകയും ചെയ്തിട്ടുണ്ടാകാമെങ്കിലും, ഈ നിമിഷംവരെയും ഇപ്പോഴും നിങ്ങൾ നിങ്ങളുടെ അഭിപ്രായങ്ങളോട് പറ്റിച്ചേർന്നിരിക്കുകയായിരിക്കും. നിങ്ങൾ കർത്താവിനെ സ്നേഹിക്കുകയും, സഭയെ സ്നേഹിക്കുകയും, അന്യോന്യം സ്നേഹിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, ഇപ്പോഴും നിങ്ങളുടെ അഭിപ്രായങ്ങളെ നിങ്ങൾ പിടിച്ചുകൊള്ളുന്നു. ഈ അഭിപ്രായങ്ങൾ സഭയിൽ കെട്ടുപണി ചെയ്യപ്പെടുന്നതിൽനിന്നും നിങ്ങളെ തടസ്സപ്പെടുത്തുന്നു.

നാം ഓരോരുത്തരും സ്വാഭിപ്രായമുള്ളവരാണ്. ഞാൻ വളരെ സ്വാഭിപ്രായക്കാരനായിരുന്നു എന്നു ഞാൻ ഏറ്റുപറയുന്നു,

എന്നാൽ വളരെയധികം കൊല്ലലിലൂടെ എന്റെ അഭിപ്രായങ്ങൾ കടന്നുപോയതിനായി ഞാൻ കർത്താവിനെ സ്തുതിക്കുന്നു. ഞാൻ യാതൊന്നിനെയും പിടിച്ചുകൊള്ളുന്നില്ലെന്ന് സ്വയം പ്രശംസിക്കുന്നില്ലെങ്കിലും അവന്റെ കൊല്ലൽ നിമിത്തം എനിക്ക് യാതൊന്നിനോടും പറ്റിപ്പിടിച്ചിരിക്കുവാൻ പ്രയാസമാണെന്ന് എനിക്ക് പറയുവാൻ കഴിയും. എഫെസ്യർ 6 സൂചിപ്പിക്കുന്നതനുസരിച്ച്, പ്രാർഥനാവായന ചെയ്യുന്നതിലൂടെ നമ്മുടെ സകല അഭിപ്രായങ്ങളെയും സംഹരിക്കുവാൻ കഴിയുന്ന വാളെന്ന നിലയിൽ നാം കൊല്ലുന്ന വചനത്തെ എടുക്കുന്നു.

## നമ്മുടെ ആയുധവർഗമായി ക്രിസ്തുവിനെ ധരിക്കുവാനുള്ള മാർഗ്ഗം

നമ്മുടെ അഭിപ്രായങ്ങളെ നാം പിടിച്ചുകൊള്ളുന്നുവെങ്കിൽ, നമ്മുടെ ആയുധവർഗമായി ക്രിസ്തുവിനെ ധരിക്കുവാൻ നമുക്കു കഴിയുകയില്ല. ദൈവത്തിന്റെ സർവായുധവർഗം ധരിക്കുന്നതിനായി, നമ്മുടെ അഭിപ്രായങ്ങൾ കൊല്ലപ്പെടണം. തങ്ങളുടെ ആയുധവർഗമായി ക്രിസ്തു ഉണ്ടായിരിക്കുന്നതിനുപകരം അനേകർക്കും അവരുടെ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണുള്ളത്. അവരുടെ ചിന്തകളും, തീരുമാനങ്ങളും, തിരഞ്ഞെടുപ്പുകളും അവരുടെ അഭിപ്രായങ്ങളാൽ ഭരിക്കപ്പെടുന്നു. അവർക്ക് ഈ അഭിപ്രായങ്ങളെല്ലാം ഉള്ളതുകൊണ്ട്, അവർക്ക് ദൈവത്തിന്റെ സർവായുധവർഗം ഇല്ല. അവർക്ക് തങ്ങളുടെ മനസ്സിൽ അഭിപ്രായങ്ങൾ ഉണ്ട്, എന്നാൽ അവരുടെ തലയെ ആവരണം ചെയ്യുന്ന അവരുടെ ശിരസ്ത്രമായി ക്രിസ്തു ഇല്ല. നമ്മുടെ ആവരണമായി രക്ഷയുടെ ശിരസ്ത്രം ധരിക്കുവാനുള്ള ഏകമാർഗം നമ്മുടെ അഭിപ്രായങ്ങളും ധാരണകളും കീഴ്പെടുത്തപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നതാണ്. "കർത്താവേ, എന്നോടു കരുണ ഉണ്ടായിരിക്കുകയും എന്റെ ചിന്തകളെയും, അഭിപ്രായങ്ങളെയും, ധാരണകളെയും കൊല്ലുകയും ചെയ്യണമേ" എന്നു നാം പ്രാർഥിക്കണം. ഈ രീതിയിൽ ആത്മാർത്ഥമായി നാം പ്രാർഥിക്കുന്നുവെങ്കിൽ, നാം ശിരസ്ത്രത്തിന്റെ ആവരണത്തിൻ കീഴിലായിരിക്കും. മാർകവചത്തോടുള്ള ബന്ധത്തിലും അങ്ങനെതന്നെയാണ്. നിങ്ങൾക്ക് നിങ്ങളുടേതായ അഭിരുചികളും തിരഞ്ഞെടുപ്പുകളും ഉണ്ടായിരിക്കുകയും, ചില ഇഷ്ടാനിഷ്ടങ്ങളിൽ നിങ്ങൾ ശക്തന്മാരായിരിക്കുകയും ചെയ്തേക്കാം. എന്നാൽ ഇതാണ് നിങ്ങളുടെ അവസ്ഥയെങ്കിൽ, നിങ്ങൾക്ക് മാർകവചം ധരിക്കുവാൻ കഴിയുകയില്ല. നിങ്ങളുടെ മുൻഗണന കൊല്ലപ്പെട്ടെങ്കിൽ മാത്രമേ നിങ്ങളുടെ മനഃസാക്ഷിയെ ആവരണം ചെയ്യുന്ന നിങ്ങളുടെ മാർകവചമായ ക്രിസ്തുവിനെ ധരിക്കുവാൻ നിങ്ങൾക്കു കഴിയുകയുള്ളൂ.

വർഷങ്ങൾക്കുമുമ്പ് ഞാൻ എഫെസ്യർ 6 ഉപദേശപരമായ രീതിയിൽ അറിഞ്ഞിരുന്നുവെങ്കിലും, ഇന്ന് അനുഭവപരമായ രീതിയിൽ ഈ അധ്യായത്തെ ഞാൻ അറിയുന്നതിനായി കർത്താവിനു സ്തോത്രംചെയ്യുന്നു. ദൈവത്തിന്റെ സർവായുധവർഗമായി സർവവും .ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ നാം ധരിക്കണമെങ്കിൽ, നമ്മുടെ സകല ചിന്തകളും, ധാരണകളും, അഭിപ്രായങ്ങളും, മമതകളും, തിരഞ്ഞെടുപ്പുകളും മരണത്തിന് ഏല്പിക്കപ്പെടണമെന്ന് ഞാൻ കണ്ടിരിക്കുന്നു. അപ്പോൾ മാത്രമേ നാം പൂർണമായി സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ആവരണത്തിൻകീഴിൽ ആയിരിക്കുകയുള്ളൂ. ഈ ആയുധവർഗം നമ്മുടെമേൽ ഉണ്ടെങ്കിൽ, സ്വർലോകങ്ങളിലെ ദുഷ്ടശക്തികളോട് യുദ്ധംചെയ്യുവാൻ നാം പ്രാപ്തരായിരിക്കും.

തങ്ങളുടെ ധാരണകളാലും, അഭിപ്രായങ്ങളാലും, തിരഞ്ഞെടുപ്പുകളാലും കുടുങ്ങിപ്പോയതുകൊണ്ട്, അനേകർ സ്വർലോകങ്ങളിലെ വാഴ്ചകളോടും ശക്തികളോടും യുദ്ധംചെയ്യുന്നതിൽനിന്നും അയോഗ്യരാക്കപ്പെടുന്നു. അവർക്കറിയാവുന്ന ഏക പോരാട്ടം അവർക്കുള്ളിൽത്തന്നെയുള്ള പോരാട്ടമാണ്, ആകാശത്തിലെ യുദ്ധമല്ല. അവരിൽനിന്നുതന്നെ അവർക്ക് പുറത്തുവരുവാനും ആകാശത്തിലുള്ള ശത്രുവിന്റെ മേഖലയിലേക്ക് തുളച്ചുചെല്ലുവാനും അവർക്ക് കഴിയുന്നില്ല. മോശം കാലാവസ്ഥ കാരണം നിലത്തിറക്കപ്പെട്ട യുദ്ധവിമാനം പോലെയാണവർ. ഈ "മോശം കാലാവസ്ഥ" അഭിപ്രായങ്ങളും, തിരഞ്ഞെടുപ്പുകളും, ഇംഗിതങ്ങളും, തീരുമാനങ്ങളും, ഇഷ്ടങ്ങളും, അനിഷ്ടങ്ങളും കൊണ്ടുനിറഞ്ഞ സ്വയമാണ്. അനേകരും ഈ കാര്യങ്ങളാൽ കുടുങ്ങിപ്പോയവരായതുകൊണ്ടും അങ്ങനെ അവരെ ആവരണം ചെയ്യുവാനും സജ്ജരാക്കുവാനും സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ ആയുധവർഗമായി ധരിക്കാത്തതുകൊണ്ടും, സ്വർലോകങ്ങളിലുള്ള ശത്രുവിനോട് യുദ്ധംചെയ്യുവാൻ ആകാശത്തിലേക്ക് പറന്നുയരുവാൻ അവർക്ക് കഴിയുകയില്ല. മറിച്ച്, ഇപ്പോഴും അവർ തങ്ങളുടെ സ്വാഭിപ്രായങ്ങളിലും ധാരണകളിലും പൊതിയപ്പെട്ടിരിക്കുന്നു.

## ദർശനത്തിന്റെ അനുഭവത്തിലേക്കു വരുന്നതിനുള്ള പ്രായോഗികമായ മാർഗം

വെളിപ്പാട് 12-ൽ നമുക്ക് ദർശനവും എഫെസ്യലേഖനത്തിൽ ഈ ദർശനത്തിലേക്ക് വരുന്നതിനുള്ള പ്രായോഗികവുമായ മാർഗവും ഉണ്ട്. സ്ത്രീക്കുള്ളിലെ ബലമേറിയ ഭാഗത്തെ വെളിപ്പാട് 12 മറനീക്കി കാണിക്കുന്നുവെങ്കിലും, ഈ ബലമേറിയ ഭാഗമായി ത്തീരുവാനുള്ള വഴി നമുക്കു നല്കുന്നില്ല. എഫെസ്യലേഖനത്തിൽ തുറന്നുകാണിച്ചിരിക്കുന്ന മാർഗം നമ്മുടെ അകത്തെ മനുഷ്യനിൽ

ബലപ്പെടുന്നതും, ക്രിസ്തുവിന്റെ ധനം അനുഭവമാക്കുവാൻ ശക്തിപ്പെടുന്നതും, കൊല്ലുന്ന വചനം പ്രാർഥനാവായന ചെയ്യുന്നതിനാൽ ദൈവത്തിന്റെ ആയുധവർഗം ധരിക്കുന്നതിലൂടെ ബലവാനാകുന്നതും ആണ്. പ്രാർഥനാവായനയിലൂടെ നാം ഉള്ളിലേക്കെടുക്കുന്ന വചനം നമ്മുടെ ആളത്തത്തിലുള്ള സകല പ്രതിലോമ മൂലകത്തെയും കൊല്ലും. എത്രത്തോളം ഈ പ്രതിലോമ മൂലകങ്ങൾ കൊല്ലപ്പെടുന്നുവോ, അത്രത്തോളം നാം ദൈവത്തിന്റെ ആയുധവർഗത്താൽ സജ്ജരാക്കപ്പെടും. അങ്ങനെ സജ്ജരാക്കപ്പെട്ടതിനുശേഷം, നാം ഭൂമിയിൽനിന്ന് എടുക്കപ്പെട്ട് സ്വർലോകങ്ങളിലെ വാഴ്ചകളോടും അധികാരങ്ങളോടും യുദ്ധംചെയ്യുവാൻ പ്രാപ്തരാകും. അങ്ങനെ, ആൺകുട്ടിയെന്ന നിലയിൽ യുദ്ധം ചെയ്യുവാനുള്ള മാർഗം എഫെസ്യർ 6-ൽ കാണുന്നു.

കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ ഓരോ വ്യക്തിയും കർത്താവിനെ സ്നേഹിക്കുന്നു എന്നു ഞാൻ മനസ്സിലാക്കുന്നതുകൊണ്ട്, ഈ രീതിയിൽ നിങ്ങളുമായി കൂട്ടായ്മ ആചരിക്കുവാൻ എനിക്ക് ഭാരമുണ്ടായി. നിങ്ങൾ കർത്താവിനെ സ്നേഹിക്കുന്നുവെങ്കിലും കൊല്ലപ്പെടുവാനുള്ള നിരവധി അഭിപ്രായങ്ങൾ നിങ്ങൾക്കിപ്പോഴും ഉണ്ട്. കൊല്ലുന്ന വചനം നമ്മുടെ ഉള്ളിൽ അതിന്റെ വേല ചെയ്യണം. പഠിപ്പിക്കുന്നതിനാലോ ദൂതുകൾ ശ്രവിക്കുന്നതിനാലോ ഇതു സംഭവിക്കുകയില്ല; ഇത് വചനം ശരിയായി പ്രാർഥനാവായന ചെയ്യുന്നതിന്റെ ഫലമാണ്. വചനം ഒന്നിനുപുറകെ മറ്റൊന്നായി നമ്മുടെ ആളത്തത്തിലേക്കു തുളച്ചുചെല്ലുമ്പോൾ, നമ്മുടെ അഭിപ്രായങ്ങളും, ധാരണകളും, ആഗ്രഹങ്ങളും, തിരഞ്ഞെടുപ്പുകളും കൊല്ലപ്പെടും. ഇതു തെളിയിക്കേണ്ടതിന് മുഴുവൻ എഫെസ്യലേഖനത്തെയും പ്രാർഥനാവായന ചെയ്യുവാൻ നിങ്ങൾ രണ്ടാഴ്ച എടുക്കണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു. ഈ പ്രാർഥനാവായന നിങ്ങളുടെ അഭിപ്രായങ്ങളെയും ധാരണകളെയും തുറന്നുകാണിക്കുകയും, അവയെയെല്ലാം നീക്കിക്കളയുവാൻ നിങ്ങൾക്ക് മനസ്സുണ്ടായിരിക്കുന്ന അവസ്ഥയിലേക്ക് അത് നിങ്ങളെ കൊണ്ടുവരികയും ചെയ്യും. അപ്പോൾ നിങ്ങൾക്കു പറയുവാൻ കഴിയും, "സഹോദരീ സഹോദരന്മാരോടുകൂടെയുള്ള സഭാജീവിതത്തിലും, എന്റെ വിവാഹജീവിതത്തിലും യാതൊരു അഭിപ്രായത്തെയും ഞാൻ പിടിച്ചുകൊള്ളുന്നില്ല. കർത്താവേ, ഭൂമിയിലുള്ള യാതൊന്നിനാലും ഞാൻ കുടുങ്ങിപ്പോയിട്ടില്ലാത്തതുകൊണ്ട് ശത്രുവിനോട് യുദ്ധംചെയ്യുന്നതിന് ഏതു സമയത്തും എനിക്ക് നിലത്തുനിന്നു പൊങ്ങുവാനും സ്വർലോകങ്ങളിലേക്ക് പറന്നുയരാനും കഴിയും. യാതൊന്നിനും എന്നെ താഴെ പിടിച്ചുവയ്ക്കുവാൻ കഴിയുകയില്ല." നിങ്ങൾ എഫെസ്യലേഖനം പ്രാർഥനാവായന ചെയ്യുമെങ്കിൽ, നിങ്ങൾ എവിടെയാണെന്ന് നിങ്ങൾ കാണുകയും നിങ്ങൾക്ക് എന്താണ് ആവശ്യമെന്ന് നിങ്ങൾ അറിയുകയും ചെയ്യും.